## (19) ലോക രക്തദാന ദിനാഘോഷം

ലോക രക്തദാന ദിനമായ ജൂൺ 14-ാം തീയതി പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സൽമാനിയ മെഡിക്കൽ സെന്റർ ബ്ലഡ് ബാങ്കിന്റെ സഹകരണത്തോടെ **"Every Blood Donation is a Gift of life"** എന്ന ആപ്ത വാക്യവുമായി **"World Blood Donour Day"** ആഘോഷിക്കുകയുണ്ടായി. കത്തീഡ്രൽ വികാരി വർഗ്ഗീസ് യോഹന്നാൻ വട്ടപ്പറമ്പിലച്ചൻ ഉദ്ഘാടനം നിർവഹിക്കുകയും, അന്നേ ദിവസം 170 ൽപരം പേർ സൽമാനിയ മെഡിക്കൽ കോംപ്ലക്സിൽ രക്തദാനം നിർവഹിച്ചു. രക്തദാന ബോധവത്കരണത്തിന്റെ ഭാഗമായി, സമൂഹ ചിത്രരചന, ക്വിസ് മത്സരം, ഓൺലൈൻ, ക്യാപ്ഷൻ മത്സരം, ഡോക്യുമെന്ററി പ്രസന്റേഷൻ എന്നിവ നടത്തിയത് ഇടവകയിലെ എല്ലാ വിഭാഗം ജനങ്ങൾക്കും രക്തദാനത്തിന്റെ മഹത്വത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് സഹായിച്ചു. ഇതിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിച്ച ശ്രീ. അനോ ജേക്കബിനോടുള്ള നന്ദി അറിയിക്കുന്നു.




## (20) കൊയ്നോണിയ - 2013

കഴിഞ്ഞ ആറ് വർഷക്കാലമായി പരുമല സെന്റ് ഗ്രീഗോറിയോസ് കാർഡിയോ വാസ്കുലർ സെന്ററുമായി സഹകരിച്ച് നടത്തി വരുന്ന 'കൊയ്നോണിയ' എന്ന ജീവകാരുണ്യ പ്രവർത്തനത്തിലൂടെ 21 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് ഹൃദയശസ്ത്ര ക്രിയയ്ക്കുള്ള ധനസഹായം നൽകി വരുന്നു. കൊയ്നോണിയ 2013 ലൂടെ 43 കുട്ടികൾക്ക് ഹൃദയശസ്ത്ര ക്രിയയ്ക്കുള്ള ധനസഹായം നല്കുവാൻ പ്രസ്ഥാനത്തിന് കഴിഞ്ഞു. ഇതുവരെ ഏകദേശം 167 -ൽ പരം കുഞ്ഞുങ്ങളുടെ ഹൃദയശസ്ത്രക്രിയയ്ക്ക് സഹായം നല്കുന്നതിന് പ്രസ്ഥാനത്തിന് കഴിഞ്ഞു. ഇതിന് കൃപ ചൊരിഞ്ഞ ദൈവത്തെ സ്തുതിക്കുകയും, ഇതിനുവേണ്ട സഹായങ്ങൾ നൽകിയവരെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കൊയ്നോണിയ ചാരിറ്റി നല്കിയ തുക പരി. കാതോലിക്കാ ബാവായുടെ കാതോലിക്കേറ്റ് സെന്റിനറി ചാരിറ്റി പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിന് പ്രസ്ഥാനത്തിന് കഴിഞ്ഞു.



## (21) പതിനഞ്ച് നോമ്പ് ധ്യാനം

വി. 15 നോമ്പിൽ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 11-ാം തീയതി ഒരു ധ്യാനയോഗം നടത്തുകയുണ്ടായി. ധ്യാനത്തിന് ഡീക്കൺ അനീഷ് ജോൺ നേതൃത്വം നൽകി.

## (22) എട്ട് നോമ്പ് ധ്യാനം

വി. എട്ട് നോമ്പിൽ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 5-ാം തീയതി ഒരു ധ്യാനയോഗം നടത്തുകയുണ്ടായി. ധ്യാനത്തിന് റവ. ഫാ. ജിനോ വർഗ്ഗീസ് നേതൃത്വം നൽകി.



## (23) സ്മൃതി - 2013

ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് സഭയുടെ രണ്ടാമത്തെ പ്രഖ്യാപിത പരിശുദ്ധനായ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ സ്മരണാർത്ഥം നടത്തുന്ന 8-ാമത് 'സ്മൃതി കലാകായിക മേള' കത്തീഡ്രൽ വികാരിയും, യുവജന പ്രസ്ഥാനം പ്രസിഡന്റുമായ ബഹുമാനപ്പെട്ട ജേക്കബ് കോശിയച്ചൻ ഫെബ്രുവരി 23-ാം തീയതി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ഏപ്രിൽ, മെയ് മാസങ്ങളിലായി നടത്തിയ കലാകായിക മത്സരങ്ങളിൽ ഇടവകയിലെ 300 ൽ അധികം മത്സരാർത്ഥികൾ മാറ്റുരയ്ക്കുകയുണ്ടായി. സ്മൃതി 2013 ന്റെ ഗ്രാന്റ് ഫിനാലെയും, അവാർഡ് ദാനവും സെപ്റ്റംബർ 27-ാം തീയതി, ബി.കെ.എസ്. ൽ വെച്ച് സെന്റ് ഗ്രിഗോറിയോസ് ക്നാനായ പള്ളി വികാരി ഫാ. മോനായി ഫിലിപ്പ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

തദവസരത്തിൽ ഏഷ്യാനെറ്റ് ഐഡിയ സ്റ്റാർ സിംഗേർസ്, ശ്രീ. ആന്റണി ജോണും, കുമാരി ആൻ മേരിയും നയിച്ച സംഗീത സന്ധ്യയും നടത്തുകയുണ്ടായി. കലാമൂല്യം കൊണ്ടും ഇടവക അംഗങ്ങളുടെ വർദ്ധിച്ച പങ്കാളിത്തംകൊണ്ടും ഗ്രാന്റ് ഫിനാലെ വൻ വിജയമായി തീർന്നു. സ്മൃതി 2013 ൽ നിന്നും ലഭിച്ച വരുമാനത്തിൽ ആയിരത്തി ഒന്ന് ദിനാർ കത്തീഡ്രൽ പുനരുദ്ധാരണ ഫണ്ടിലേക്ക് സംഭാവനയായി നീക്കിവെക്കുന്നതിന് സാധിച്ചു.

സ്മൃതി 2013 ന്റെ ജനറൽ കൺവീനർ ശ്രീ അനു റ്റി കോശി, മറ്റ് എല്ലാ കൺവീനേഴ്സിനോടുമുള്ള നന്ദി അറിയിക്കുന്നു.



## (24) ജൻമദിനാശംസകൾ

ബോംബെ ഭദ്രാസനാധിപനും, ഇടവക മെത്രാപ്പോലീത്തായുമായ അഭി. ഗീവർഗീസ് മാർ കുറിലോസ് തിരുമേനി 12/10/2013 ൽ കൂടിയ യുവജന പ്രസ്ഥാനം യോഗത്തിൽ പങ്കെടുക്കുകയും, അതേ ദിവസം അഭി. തിരുമേനിക്ക് യുവജന പ്രസ്ഥാന അംഗങ്ങൾ 64-ാമത് ജൻമദിന ആശംസകൾ അറിയിക്കുയും ചെയ്തു.



## (25) ഗൾഫ് ഓർത്തഡോക്സ് യൂത്ത് കോൺഫറൻസ്

'മരുഭൂമിയിലെ പരുമല' എന്നറിയപ്പെടുന്ന ഷാർജാ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ചിൽ വച്ച് ഒക്ടോബർ 14,15,16 തീയതികളിൽ നടത്തിയ ഗൾഫ് ഓർത്തഡോക്സ് യൂത്ത് കോൺഫറൻസിൽ നമ്മുടെ യൂണിറ്റിൽനിന്നും 3 അംഗങ്ങൾ പങ്കെടുത്തു.

"ദൈവാനുരൂപീകരണവും, പരിശുദ്ധാത്മാവിൽ പുതുക്കവും" എന്നതായിരുന്നു കോൺഫറൻസിന്റെ മുഖ്യ ചിന്താവിഷയം.




## (26) വിശുദ്ധനാട് തീർത്ഥാടനം

യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇടവകയിലെ അംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് ഒക്ടോബർ 15-ാം തീയതി മുതൽ ഒക്ടോബർ 23-ാം തീയതി വരെ വിശുദ്ധ നാട്ടിലേക്ക് ഒരു തീർത്ഥാടക സംഘത്തെ അയയ്ക്കുന്നതിന് പ്രസ്ഥാനത്തിന് കഴിഞ്ഞു.

ഇതിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിച്ച ശ്രീ ബിനു പാപ്പച്ചനോടുള്ള നന്ദി അറിയിക്കുന്നു.



### (27) ആദ്യ ഫലപ്പെരുന്നാൾ

ഇടവകയുടെ ആദ്യഫല പെരുന്നാളിനോടനുബന്ധിച്ച് പ്രസ്ഥാനത്തെ ഏല്പിച്ച ബെഡ്ഷീറ്റ് കളക്ഷനിലൂടെ റെക്കോർഡ് കളക്ഷൻ (**B.D.** 4820.000) നേടിക്കൊടുക്കുവാൻ പ്രസ്ഥാനത്തിന് കഴിഞ്ഞു. പ്രസ്ഥാനത്തെ ഏല്പിച്ച റാഫിൾ ബുക്കും പൂർണ്ണമായി വിറ്റഴിക്കുവാൻ പ്രസ്ഥാന അംഗങ്ങൾക്ക് സാധിച്ചു. അന്നേ ദിവസം ഒരു വടംവലി മത്സരം സംഘടിപ്പിക്കുന്നതിനും പ്രസ്ഥാനത്തിന് കഴിഞ്ഞു.



### (28) എക്യുമെനിക്കൽ യൂത്ത് കോൺഫറൻസ്

ബഹറിനിലെ എപ്പിസ്കോപ്പൽ സഭകളിലെ യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് നവംബർ 14-ാം തീയതി പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കെ.സി.ഇ.സി. എക്യുമെനിക്കൽ യൂത്ത് കോൺഫറൻസ് സംഘടിപ്പിച്ചു. ഇതര സഭകളിൽനിന്ന് ഏകദേശം 150 ഓളം യുവതീയുവാക്കൾ കോൺഫറൻസിൽ പങ്കെടുത്തു.

ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പ്രൊഫസർ റവ. ഫാ. ജേക്കബ് മാത്യു ക്ലാസുകൾക്ക് നേതൃത്വം നൽകി. 'സ്വദേശത്തും, വിദേശത്തും ക്രിസ്തു സാക്ഷികളാകുന്നതിന്റെ ആവശ്യകത, സാധ്യത, വെല്ലുവിളികൾ, പ്രവാസി സാഹചര്യത്തിൽ ഒരു വിശകലനം' എന്ന മുഖ്യ ചിന്താവിഷയത്തെ ആസ്പദമാക്കി ക്ലാസുകളും, ഗ്രൂപ്പ് ഡിസ്കഷനുകളും നടന്നു. വിവിധ യൂണിറ്റുകളുടെ സർഗ്ഗവാസനകൾ മാറ്റുരയ്ക്കുന്നതിനു വേണ്ടി 'ടാലന്റ് ഷോ'യും സംഘടിപ്പിച്ചു.



### (29) ബഹറിൻ തൊഴിൽ നിയമ ബോധവത്കരണ ക്ലാസ്

കെ.സി.ഇ.സി എക്യുമെനിക്കൽ യൂത്ത് കോൺഫറൻസിനോടനുബന്ധിച്ച്, ബഹറിനിലെ തൊഴിൽ നിയമങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനു വേണ്ടി നവംബർ 14-ാം തീയതി, ഇടവകയിലെ മുതിർന്ന അംഗവും, പ്രമുഖ അഭിഭാഷകനുമായ അഡ്വ. വി.കെ. തോമസ് ബഹറിൻ തൊഴിൽ നിയമങ്ങളെക്കുറിച്ച് ഒരു ക്ലാസ് നടത്തുകയുണ്ടായി. ഇടവകാംഗങ്ങൾ ഉൾപ്പടെ 150 ൽപരം യുവതീ യുവാക്കൾക്ക് പ്രസ്തുത ക്ലാസ് പ്രയോജനകരമായി.



### (30) വാർഷിക കുടുംബ സംഗമം

പ്രസ്ഥാനത്തിന്റെ ഈ വർഷത്തെ കുടുംബസംഗമം 2013 നവംബർ 22-ാം തീയതി ബാങ്കോക്ക് പാർട്ടി ഹാളിൽ വെച്ച് നടത്തുകയുണ്ടായി. ഏകദേശം 75 ഓളം പ്രസ്ഥാന അംഗങ്ങളും, അവരുടെ കുടുംബവും പങ്കെടുത്തു. വിവിധയിനം കലാപരിപാടികൾ നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

ഇതിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിച്ച ശ്രീ. ജിബിൻ എം. ജോണിനോടുള്ള നന്ദി അറിയിക്കുന്നു.




### (31) ക്രിക്കറ്റ് ടൂർണമെന്റ്

ബഹറിൻ മാർത്തോമ്മാ യുവജന സംഘ്യം സംഘടിപ്പിച്ച ക്രിക്കറ്റ് ടൂർണമെന്റിൽ പ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് ഒരു ടീം പങ്കെടുക്കുകയും, സെമി ഫൈനൽ യോഗ്യത നേടുകയും ചെയ്തു.



### (32) ലേബർ ക്യാമ്പ് സന്ദർശനം

ബഹറിൻ ദേശീയ ദിനാഘോഷങ്ങളുടെ ഭാഗമായി 'മരുഭൂമിയിലെ ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് ഒരു സ്നേഹസഞ്ചാരം' എന്ന ആപ്ത വാക്യവുമായി പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 16-ാം തീയതി മാൽകിയായിലുള്ള ഒരു ക്ലീനിംഗ് കമ്പനിയുടെ ക്യാമ്പ് പ്രസ്ഥാന അംഗങ്ങൾ സന്ദർശിച്ചു. അവിടെയുള്ള 200 ഓളം സഹോദരങ്ങൾക്ക് ഭക്ഷണ സാധനങ്ങളടങ്ങിയ കിറ്റും, വസ്ത്രങ്ങൾ അടങ്ങിയ കിറ്റും വിതരണം ചെയ്തു. ഇതിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിച്ച ശ്രീ അജു റ്റി. കോശിയോടുള്ള നന്ദി അറിയിക്കുന്നു.



### (33) സ്നേഹദൂത് ചാരിറ്റി പ്രോജക്ട്

ക്രിസ്തുമസ് കാർഡും, സ്റ്റാറും, ഇടവക ജനങ്ങൾക്ക് വിതരണം ചെയ്ത് അതിൽനിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ക്രിസ്തുമസ് ദിനത്തിൽ ഒരു നേരത്തെ ഭക്ഷണം നിർധനരായവർക്ക് നല്കുന്ന പദ്ധതിയാണിത്. അഭി. ഒസ്താത്തിയോസ് തിരുമേനിയാൽ സ്ഥാപിതമായ തിരുവനന്തപുരത്തെ കാരുണ്യാ ഗൈഡൻസ് സെന്ററിലെ 250 ഓളം വരുന്ന അന്തേവാസികൾക്ക് ക്രിസ്തുമസ് ദിനത്തിൽ ഒരു നേരത്തെ ഭക്ഷണത്തിനാവശ്യമായ IRS 25,000/ അയച്ചു കൊടുക്കുന്നതിന് പ്രസ്ഥാനത്തിന് കഴിഞ്ഞു. ഇതിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിച്ച ശ്രീ ജയ്സൺ ആറ്റുവായോടുള്ള നന്ദി അറിയിക്കുന്നു. മുൻ വർഷത്തെ സ്നേഹദൂത് കാർഡ് വില്പനയിലൂടെ ലഭിച്ച വരുമാനം ഉപയോഗിച്ച് ബോംബെയിലെ ചേരിയിലെ കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷണം ക്രിസ്തുമസ് ദിനത്തിലും, ന്യൂ ഇയർ ദിനത്തിലും നല്കുന്നതിന് പ്രസ്ഥാനത്തിന് കഴിഞ്ഞു.



### (34) ഇടവക ദിനവും, ആദ്ധ്യാത്മിക സംഘടനാ വാർഷികവും

ഇടവക ദിനവും, ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികത്തോടനുബന്ധിച്ച് ഡിസംബർ 27-ാം തീയതി ഇന്ത്യൻ സ്കൂളിൽ വെച്ച് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ **"Christmas Cake Baking & Decoration Competetion'** നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. അന്നേ ദിവസം 'ദൈവമഹത്വം' എന്ന ഒരു നാടകവും നടത്തി. പ്രസ്ഥാനം സെക്രട്ടറി 2013 വർഷത്തെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ക്രിസ്തുമസ് കേക്ക് ഡക്കറേഷന്റെ കോർഡിനേറ്റർ ആയി പ്രവർത്തിച്ച ശ്രീ റോബിൻ റ്റി. വർഗ്ഗീസ്, നാടകത്തിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിച്ച ശ്രീ ജയ്സൺ ആറ്റുവാ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.



## പിന്നിട്ട പാതകളിലൂടെ....

### (35) യൂത്ത് വോയ്സ്

യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഇവടകാംഗങ്ങളുമായി പങ്കു വയ്ക്കുന്ന പ്രസ്ഥാനത്തിന്റെ വാർത്താ മാധ്യമമായ 'യൂത്ത് വോയ്സ്' ഈ വർഷം 3 ലക്കം പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. ആദ്യമായി യൂത്ത് വോയ്സിന്റെ പ്രസിദ്ധീകരണത്തിനാവശ്യമായ നിയമാവലി നടപ്പാക്കിയതിനു ശേഷം സമയബന്ധിതമായി 3 ലക്കം പ്രസിദ്ധീകരിക്കുവാനും, അതിൽ ഉൾപ്പെടുത്തുന്ന ക്വിസ് മത്സരത്തിൽ വിജയികളാകുന്നവർക്ക് യഥാസമയം സമ്മാനങ്ങൾ നൽകുവാൻ സാധിച്ചതിലും യൂത്ത് വോയ്സിന്റെ എഡിറ്റോറിയൽ ബോർഡിനെ അഭിനന്ദിക്കുന്നു. യൂത്ത് വോയ്സ് 2013 ന്റെ ചീഫ് എഡിറ്റർ ശ്രീ. അനു കെ. വർഗീസിനോടും, എഡിറ്റേഴ്സായി പ്രവർത്തിച്ച മാത്യു വർഗ്ഗീസ്, ലിജോ തുരുത്തേൽ എന്നിവരോടുമുള്ള നന്ദി അറിയിക്കുന്നു.



പ്രസ്ഥാനത്തിന്റെ 2013 വർഷത്തെ പ്രവർത്തനങ്ങൾക്ക് കൃപയും കരുണയും അനുഗ്രഹങ്ങളും ചൊരിഞ്ഞ് തന്ന സർവ്വേശ്വരന് ആദ്യമെ നന്ദി കരേറ്റുന്നു. കത്തീഡ്രൽ മുൻവികാരിയും യുവജനപ്രസ്ഥാനം പ്രസിഡന്റുമായിരുന്ന ബഹുമാനപ്പെട്ട ജേക്കബ് കോശിയച്ചൻ, കത്തീഡ്രൽ വികാരിയും പ്രസിഡന്റുമായ ബഹുമാനപ്പെട്ട വർഗീസ് യോഹന്നാൻ അച്ചൻ, കത്തീഡ്രൽ ജനറൽബോഡി, മാനേജിംഗ് കമ്മിറ്റി, കത്തീഡ്രൽ ശുശ്രൂഷകൻ, കെയർ ടേക്കർ, ആദ്ധ്യാത്മിക സംഘടനകൾ, ഇടവക ജനങ്ങൾ, അഭ്യുദയകാംക്ഷികൾ, ബഹ്റിൻ കേരളീയ സമാജം, കേരള കാത്തലിക് അസോസിയേഷൻ എന്നിവരോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

ഇന്ത്യയുടെ കാവൽ പിതാവായ വി. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തയുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായോടും, പരി. സുന്നഹദോസിനോടും, ഇടവക മെത്രാപ്പോലീത്താ അഭി. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയോടും, മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം പ്രസിഡന്റ് അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനിയോടുമുള്ള നന്ദി തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

ബഹറിൻ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിലെ യുവജന വിഭാഗമായ സെന്റ് തോമസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാന അംഗങ്ങൾ ഈ റിപ്പോർട്ട് പൊതുജന സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

സെന്റ് തോമസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിനുവേണ്ടി,
സെക്രട്ടറി
ഷിബു സി. ജോർജ്ജ്

## Favours Received



Pramod Varghese & Lijo Thuruthel



Anil Babu & Sibi Anil

# Snapshots




GOYC 2013 @ Sharjah



H.G.Geevarghese Mar Coorilos Birthday Celebration



Harvest Festival - 2013

# Snapshots



Sargotsav '13 - Group Song Competition



Sargotsav '13 - Skit Competition

# Snapshots



Sargotsav '13 - Skit Competition



Holyland Pilgrimage



BMTYS - Cricket Tournament



Snehadooth Charity Project '13



Koinonia '13 Charity Project



Youth Voice '13 - Quiz Winner

# Snapshots



## Annual Get-together '13



# Snapshots



## Ecumenical Youth Conference '13



# Snapshots





Ecumenical Youth Conference '13






Bahrain Labour Law Awareness Class




Xmas Cake Baking & Decoration Competition Winners



First Prize



Second Prize



Third Prize

Attendance First '13



Labour Camp Caption Winner



# Snapshots



Labour Camp Visit '13

# Snapshots



Sargotsav '13 Prize Distribution






Reception to H.G.Youhanon Mar Policarpos - OCYM President

## Wedding



*Sibi Muringasseril & Anila Sibi*

## Congratulations...

**അഭിനന്ദനങ്ങൾ !!**



മലങ്കര ഓർത്തഡോക്സ് ചർച്ച് ടി.വി. യുടെ ബഹറിൻ ന്യൂസ് കറസ്പോണ്ടൻറായി തിരഞ്ഞെടുക്കപ്പെട്ട, യുവജന പ്രസ്ഥാനം അംഗമായ ശ്രീ. ഡിജു ജോണിന് യുവജന പ്രസ്ഥാനത്തിൻെറയും, യൂത്ത് വോയ്സിൻെറയും അഭിനന്ദനങ്ങൾ !!!

Pls. visit
www.malankaraorthodoxchurch.tv

## Favours Received



A Well Wisher

## Favours Received



Aju T. Koshy, Ginsu Aju,
Alona Susan Aju & Alaneo Koshy Aju

Article



## ഡിജു ജോൺ

( കോർഡിനേറ്റർ - ബൈബിൾ റീഡിങ്ങ് കാർഡ് )

ബഹറിൻ സെൻറ് തോമസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിൻെറ പ്രാരംഭ പ്രവർത്തനങ്ങളിൽ ഒന്നായ "വേദ വായന കാർഡ്" ഈ വർഷവും (2013) പുറത്തിറക്കുവാനും അത് ഇടവകയിലെ എല്ലാ ജനങ്ങൾക്കും വിതരണം ചെയ്യുവാനും സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ ആചാര പ്രകാരം അതാത് ദിവസങ്ങളിൽ വായിക്കേണ്ട വേദ ഭാഗങ്ങൾ ഉൾപ്പെടുത്തിയാണ് ഈ "വേദ വായന കാർഡ്" പുറത്തിറക്കിയത്.

എല്ലാ ദിവസത്തേയും കുടുംബ പ്രാർത്ഥനകളിൽ വായനക്കായി ഉപയോഗിക്കുന്ന വേദഭാഗങ്ങൾ പരിചയപ്പെടുത്തിയ ഈ കാർഡ് ഏവർക്കും ഗുണകരമായി എന്ന് വിശ്വസിക്കുന്നു. ഈ സംരംഭത്തിന് അൽപ്പമായോ അധികമായോ സഹായിച്ച, സഹകരിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഒപ്പം ഇതിൻെറ കോർഡിനേറ്ററായി പ്രവർത്തിക്കുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

## ബിനോജ് മാത്യൂ

(കോർഡിനേറ്റർ - ജോബ് സെൽ)



പ്രിയമുള്ളവരെ,

മറ്റൊരു പുതുവർഷം കൂടി വരവായി. ഇപ്പോൾ പൊതുസമൂഹം ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പ്രധാന വിഷയം പ്രകൃതി സംരക്ഷണത്തിനായി സർക്കാർ നടപ്പിലാക്കാൻ പോകുന്ന ചില നടപടികളെ പറ്റിയും അതിനെതിരെ ക്രൈസ്തവ സമൂഹത്തിലെ ചില മേലദ്ധ്യക്ഷൻമാരുടെയും പുരോഹിതൻമാരുടെയും നേതൃത്വത്തിൽ നടത്തുന്ന ചില വെല്ലുവിളികളെക്കുറിച്ചുമാണ്. ഇന്ത്യൻ നിയമവ്യവസ്ഥ കീഴ്പ്പെട്ട് ജീവിക്കുന്ന ഒരു സമൂഹമാണ് നമ്മൾ. അതു കൊണ്ടു തന്നെ കോടതിവിധികളേയും സർക്കാരിന്റെ തീരുമാനങ്ങളേയും ബഹുമാനിക്കുകയും ആദരിക്കുകയും വേണം. അതിനെതിരെയുള്ള പ്രതിഷേധം നമ്മുടെ വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റേയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് പ്രതിഫലിപ്പിക്കുകയും വേണം. നമ്മുടെ വികാരപ്രകടനങ്ങൾ ഒരിക്കലും അതിര് കടക്കുന്നതോ സമൂഹത്തിനോടുള്ള വെല്ലുവിളികളോ ആകരുത്. നാം ക്രിസ്തുവിന്റെ ശിഷ്യൻമാരാണെന്നും അവന്റെ നിയമങ്ങൾ പാലിക്കുന്നവരാണെന്നും സമൂഹത്തിനെ കാട്ടികൊടുക്കേണ്ട ഉത്തരവാദിത്വം നമുക്കേവർക്കുമുണ്ട്. സഭാ മക്കൾക്കുവേണ്ടി എന്നപേരിൽ തെരുവിൽ കയ്യൂക്ക് കാണിക്കുകയും പൊതുമുതൽ തീയിട്ട് നശിപ്പിക്കുകയും ചെയ്യുന്നവർ ഒരിക്കലും നമ്മുടെ പിതാക്കൻമാരുടെ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നവരല്ല. നമ്മുടെ ക്രിസ്തുനാഥൻ കാണിച്ചുതന്ന സ്നേഹത്തിന്റെ വഴിയും മഹാത്മാവ് കാട്ടിത്തന്ന സഹനത്തിന്റെ വഴിയും നമുക്ക് മുന്നിലുണ്ട്. അതിലൂടെ നീതിയും ധർമ്മവും നടപ്പാക്കപ്പെടും എന്ന് വിശ്വസിക്കുകയും അതിനു പ്രാർത്ഥിക്കുകയും ചെയ്യാം.

സുമേഷ് അലക്സാണ്ടർ

(കോർഡിനേറ്റർ - സമർപ്പണ പ്രാർത്ഥന)




# പുതുവർഷത്തിലെ ധ്യാനചിന്തകൾ

പുത്തൻ ആശകളും പ്രതീക്ഷകളും നൽകികൊണ്ട് ഒരു പുതിയ വർഷം കൂടി ദൈവം നമുക്കു നൽകിയിരിക്കുന്നു. ഈ പുതുവർഷത്തിൽ നമ്മുടെ മുമ്പിലുള്ള പുതിയ ലക്ഷ്യങ്ങൾ കണ്ടെത്തുവാനും ജീവിതം കൂടുതൽ കെട്ടുറപ്പുള്ളതാക്കുവാനും വേണ്ട കരുത്തും ആർജവവും ദൈവസന്നിധിയിൽ നിന്നും നാം നേടിയെടുക്കേണ്ടതുണ്ട്. .ഈ പുതുവർഷത്തിൽ നാം പ്രതീക്ഷിക്കുന്ന അനുഗ്രഹങ്ങളും ഇളം കാററും മാത്രമല്ല, പ്രതീക്ഷിക്കാത്ത പ്രതിസന്ധികളും കൊടുങ്കാററുകളും ഉണ്ടായെന്നു വരാം. പക്ഷേ അടിയുറച്ച ക്രൈസ്തവ വിശ്വാസത്തിലാണ് നമ്മുടെ ജീവിത പാത നാം ക്രമപ്പെടുത്തിയിരിക്കുന്നതെങ്കിൽ ഒരു പ്രതിസന്ധിക്കും പ്രതികൂലത്തിനും നമ്മെ പോറൽ പോലും ഏല്പിക്കുവാൻ സാധിക്കുകയില്ല. ആധുനിക പുതുതലമുറ പുതിയ ലക്ഷ്യങ്ങൾ കണ്ടെത്തുവാനും, ജീവിതം കെട്ടുറപ്പുള്ളതാക്കാനും കഴിയുന്ന നിരവധി സൂക്തങ്ങൾ മനപാഠമാക്കുകയും പല പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യാറുണ്ട്. എങ്കിലും ലോകത്തിന്റെ ജഡീകതയുടെ കുത്തൊഴുക്കിൽപ്പെട്ടു പല പദ്ധതികളും പ്രായോഗികമാക്കുവാൻ സാധിക്കാതെ യുവതലമുറ ക്ലേശിക്കുന്നത് നാം കാണാറുണ്ട്. തളരാതെ, കൂടുതൽ ജാഗ്രതയോടെ, വിശ്വാസത്തിൽ ഉറച്ചു നിന്നു കൊണ്ട്, കരുത്തും, ആർജവുമുള്ളവരായി, സകല കാര്യങ്ങളും സ്നേഹത്തോടെ നിർവഹിക്കുവാൻ ശ്രമിക്കുക. പൂവണിയാത്ത സ്വപ്നങ്ങൾ ഇനി നൊമ്പരമാകാതിരിക്കട്ടെ. കൊഴിഞ്ഞു പോയ ഇലകൾ പുതിയ നാമ്പുകൾക്ക് പ്രചോദനമാകട്ടെ. പുതിയ മോഹങ്ങൾക്ക് പ്രതീക്ഷ നൽകാം. കർമ്മോസുകരാകാം. ഏവർക്കും നന്മപൂർണ്ണമായ ഒരു നവവത്സരം നേരുന്നു.

## Favours Received

Joel
Josh
&
Joan



Abel
&
Aneeta



അനു റ്റി. കോശി

(ജനറൽ കൺവീനർ - സ്മൃതി-2013)

# സന്ധ്യക്കെന്തിന് സിന്ദൂരം

'തന്റെ വീട്ടിലേക്കുള്ള വഴി മുടക്കി സഞ്ചാരസ്വാതന്ത്ര്യം തടസ്സപ്പെടുത്തിയ സമരക്കാർക്കെതിരെ ശബ്ദിക്കാൻ ഒരു സാധാരണ വീട്ടമ്മ കാണിച്ച ധൈര്യമാണ് ഇന്ന് ഏവരുടേയും സംസാരവിഷയം. ഇതിനെ അനുകൂലിച്ചും പ്രതികൂലിച്ചും അഭിപ്രായപ്രകടനങ്ങൾ ധാരാളം നാം കേട്ടു. ഈ വിഷയത്തിലെ രാഷ്ട്രീയം നമുക്ക് മാറ്റിവെയ്ക്കാം. ആ വീട്ടമ്മയുടെ ഒരു ചോദ്യം മാത്രം നമുക്ക് ചിന്തിക്കാം. ഏതെങ്കിലും നേതാവിന്റെ (രാഷ്ട്രീയ നേതാവായാലും മത നേതാവായാലും) വീട്ടിലേക്കുള്ള വഴി ആരെങ്കിലും തടസ്സപ്പെടുത്തുന്നുണ്ടോ? ഇല്ല എന്നു തന്നെയാണ് ഉത്തരം. അധികാരത്തിലിരിക്കുന്നവന് അധികാരം പ്രയോഗിക്കുവാനും, പ്രതിപക്ഷത്തുള്ളവർക്ക് സംഘടിതശക്തി പ്രയോജനപ്പെടുത്തുവാനും കഴിയുമ്പോൾ നിസ്സഹായരാവുന്നത് സാധാരണജനമാണ്. ഈ വീട്ടമ്മയും തന്റെ നിസ്സഹായവസ്ഥയിൽ പ്രതികരിച്ചെന്നേയുള്ളൂ. രാവിലെ ജോലിക്കു പോകുന്ന നാം തിരികെ വീട്ടിലെത്തുമ്പോൾ വീട്ടിലേക്ക് കയറാൻ പറ്റാതെ നമ്മുടെ വഴി മുടക്കി ആരെങ്കിലും നിന്നാൽ നാമും ചിലപ്പോൾ പ്രതികരിച്ചേക്കാം. പക്ഷെ ഒരു സംഘടിതശക്തിക്കു മുൻപിൽ നാം പതറുന്ന കാഴ്ചയാണ് സാധാരണയായി കണ്ടു വരുന്നത്. അവിടെയാണ് ഈ വീട്ടമ്മയുടെ പ്രതികരണം ശ്രദ്ധിക്കപ്പെടുന്നത്. ഒരു ചെറിയ തീപ്പൊരി ആളിക്കത്തിയെന്നു വരാം. അഭിപ്രായപ്രകടനത്തിലെ നല്ല ചിന്ത മാത്രം നമുക്ക് സ്വീകരിക്കാം. അതോടൊപ്പം മാറി ചിന്തിക്കാൻ രാഷ്ട്രീയപ്പാർട്ടികൾക്കും കഴിയട്ടെ. നമ്മുടെ പ്രവർത്തനങ്ങൾ മൂലം ആരുടെയും വഴി മുടങ്ങാതിരിക്കുവാൻ നമുക്ക് ശ്രദ്ധിക്കാം. നമ്മുടെ പള്ളികളിലെ പെരുന്നാൾ റാസകളും മറ്റും എത്രയോ പേർക്ക് തടസ്സങ്ങൾ ഉണ്ടാക്കുന്നുണ്ടെന്ന് ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ? പലവിധമായ ആവശ്യങ്ങളുമായി നിരത്തുകളിലെത്തുന്നവരെ മണിക്കൂറുകളോളം തടഞ്ഞിടുന്ന പ്രവണത മാറ്റേണ്ടിയിരിക്കുന്നു. ഒരു പുനർവിചിന്തനം നടത്തുവാൻ സഭാനേതൃത്വം തയ്യാറാവണം.

مكتب برج البوسميط لصيانة المباني
Al Busmait Tower Building Maintenance
C.R.:68567-1,P.O.BOX:2498, Tel:17250374, Manama, Kingdom of Bahrain
س.ت : ١-٦٨٥٦٧، ص.ب : ٢٤٩٨، هاتف : ١٧٢٥٠٣٧٤، المنامة، مملكة البحرين